എസ്സെംകെ

# ശവം തീനികൾ

عَنْ أَبِي هُرَيْرَةَ(ر)، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ: أَتَدْرُونَ مَا الْغِيبَةُ . قَالُوا: اللَّهُ وَرَسُولُهُ أَعْلَمُ . فقَالَ ' ذِكْرُكَ أَخَاكَ بِمَا يَكْرَهُ ' . قِيلَ: أَفَرَأَيْتَ إِنْ كَانَ فِي أَخِي مَا أَقُولُ. قَالَ: إِنْ كَانَ فِيهِ مَا تَقُولُ فَقَدِ اغْتَبْتَهُ وَإِنْ لَمْ يَكُنْ فِيهِ مَاتَقولُ فَقَدْ بَهَتَّهُ (رواه مسلم).

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: "പരദൂഷണം എന്താണെന്ന് നിങ്ങൾക്കറിയാമോ? പ്രവാചകൻ ചോദിച്ചു. അല്ലാഹുവിനും അവന്റെ ദൂതനുമാണ് ഏറ്റം നന്നായറിയുക– അവർ പറഞ്ഞു. നിന്റെ സഹോദരനെ സംബന്ധിച്ച് അവനിഷ്ടമില്ലാത്തത് പറയുകയാണത്– അവിടുന്ന് അറിയിച്ചു. ഞാൻ പറയുന്നത് എന്റെ സഹോദരിനിലുള്ളതാണെങ്കിലും അങ്ങനെതന്നെയാണെന്നാണോ അവിടുന്ന് പറയുന്നത്? ഒരാൾ ചോദിച്ചു. അയാളിലുള്ളതാണ് താങ്കൾ പറയുന്നതെങ്കിൽ അത് അയാളെ സംബന്ധിച്ച് പരദൂഷണമാണ്. ഇല്ലാത്തതാണെങ്കിൽ കള്ളം കെട്ടിച്ചമച്ച് പറയലും– പ്രവാചകൻ പറഞ്ഞു" (മുസ്‌ലിം).**

പരദൂഷണം പകർച്ചവ്യാധി പോലെയാണ്. പറയുന്നയാളെ നശിപ്പിക്കുന്നു. കേൾക്കുന്നവരുടെ മനസ്സ് മലിനമാക്കുന്നു. പറയപ്പെടുന്ന വ്യക്തിയെ തേജോവധം ചെയ്യുന്നു. ബന്ധങ്ങളെ തകർക്കുന്നു. മനുഷ്യന്റെ വളരെ അപകടകരമായ സ്വഭാവവൈകൃതമാണത്.

രണ്ടു പേർ ഒത്തുകൂടുമ്പോൾ മൂന്നാമനെപ്പറ്റി അപവാദം പറയുന്നു. പറയുന്നയാൾക്ക് അത് പ്രത്യേകിച്ചൊരു പ്രയോജനവും ചെയ്യുന്നില്ല. കേൾക്കുന്നവനൊട്ടും നേട്ടമില്ല. ഇരുവരും പറയപ്പെടുന്നയാളുടെ പോരായ്മകളാണ് പങ്കുവെക്കുന്നത്. അതുകൊണ്ടുതന്നെ പരദൂഷണം ആർക്കും ഒരു ഗുണവും ചെയ്യില്ല. എല്ലാവർക്കും ദോഷം വരുത്തുകയും ചെയ്യും.

ഏറെപ്പേരും മറ്റുള്ളവരുടെ കുറ്റവും കുറവും കണ്ടെത്താനാണ് ശ്രമിക്കുക. അവ പ്രചരിപ്പിക്കാനും. ചിലർ ശ്വസിക്കുന്നതുതന്നെ അന്തരീക്ഷത്തിൽ ദുർഗന്ധമുണ്ടോ എന്നറിയാനാണെന്ന സച്ചിദാനന്ദന്റെ വാക്കുകൾ ഏറെ അർഥപൂർണമാണ്. പലരുടെയും മുഖ്യജോലിയും ഇഷ്ടവിനോദവും മറ്റുള്ളവരുടെ തെറ്റും കുറ്റവും ചികഞ്ഞെടുത്ത് പ്രചരിപ്പിക്കലാണ്. അന്യരുടെ പോരായ്മകൾ പുറത്തെടുത്ത് പെരുപ്പിച്ചുകാണിക്കലാണ്.

നമ്മുടെ വീട്ടിലേക്ക് മാലിന്യം വലിച്ചെറിയുന്നവരെ നാം വെറുക്കും. നമ്മുടെ മനസ്സിലേക്ക് മാലിന്യം കടത്തിവിടുന്നവരെ എങ്ങനെ കൂട്ടുകാരാക്കും. വീടകം മലിനമാക്കുന്നതിനേക്കാൾ അനേകമിരട്ടി അപകടകരമാണ് മനസ്സ് മലിനമാക്കുന്നത്. പരദൂഷണം മാലിന്യമാണ്. അഴുക്ക് വീടിനകത്തേക്ക് വലിച്ചെറിയുന്ന പോലെ പരദൂഷണം പറയുന്നവൻ കേൾക്കുന്നവന്റെ മനസ്സിലേക്ക് വിഷമയമായ മാലിന്യം കോരിയിടുന്നു

പരദൂഷണം വരുത്തുന്ന വിപത്തുകൾ വിവരണാതീതമാണ്. അസൂയ, അകൽച്ച, വെറുപ്പ്, വിദ്വേഷം, കുഴപ്പം, കലാപം പോലുള്ളവക്കെല്ലാം അത് കാരണമായിത്തീരുന്നു. കൊലക്കുപോലും പലപ്പോഴും കാരണമാകാറുണ്ട്. സ്വന്തക്കാരുടെ വാക്കുകേട്ട് മാതാവിന്റെ കൊലയാളിയാണ് പിതാവെന്ന് തെറ്റിദ്ധരിച്ച് കൊല്ലങ്ങളോളം അദ്ദേഹത്തെ വെറുത്തും ശപിച്ചും കുറ്റപ്പെടുത്തിയും കഴിഞ്ഞ ഒരു മകന്റെ കഥ സാമൂഹിക മാധ്യമങ്ങളിൽ ഈയിടെ വായിക്കാനിടയായി. യാദൃഛികമായി കണ്ടുകിട്ടിയ പിതാവിന്റെ ഡയറിക്കുറിപ്പിൽനിന്ന് കാൻസർ ബാധിച്ചാണ് മാതാവ് മരിച്ചതെന്നും പിതാവ് അവരെ അങ്ങേയറ്റം സ്നേഹിക്കുകയും അവരുടെ ആവശ്യങ്ങളൊക്കെയും നിർവഹിച്ചുകൊടുക്കുകയും ചെയ്തിരുന്നുവെന്നും പ്രേമപൂർണമായിരുന്നു അവരുടെ ദാമ്പത്യമെന്നും തിരിച്ചറിഞ്ഞ മകൻ പശ്ചാത്താപത്തോടെ പിതാവിനോട് ക്ഷമാപണം നടത്തി. അപ്പോഴേക്കും പിതാവ് കട്ടിലിൽനിന്ന് എഴുന്നേൽക്കാനോ സംസാരിക്കാനോ സാധ്യമല്ലാത്തവിധം അവശനും രോഗിയുമായിരുന്നു.

ഒരിക്കൽ പ്രവാചകന്റെ അടുത്തുവെച്ച് പ്രിയ പത്നി ആഇശ(റ) മറ്റൊരു ഭാര്യയായ സ്വഫിയ്യ(റ)യെക്കുറിച്ച് 'ആ കുള്ളിപ്പെണ്ണല്ലേ' എന്ന് പറയുകയുണ്ടായി. സ്വഫിയ്യ(റ)യുടെ അഭാവത്തിൽ ആഇശ(റ) പറഞ്ഞ ഈ പരദൂഷണം പ്രവാചകനെ അത്യധികം അലോസരപ്പെടുത്തി. അവിടുന്ന് പറഞ്ഞു: ''ആഇശാ, ഇത് വല്ലാത്തൊരു വാക്കാണ്. കടലിൽ കലക്കിയാൽ അതിലെ വെള്ളം മുഴുവൻ വിഷമയമാക്കുന്ന വാക്ക്!''

വിശുദ്ധ ഖുർആൻ പലരെയും കുറ്റപ്പെടുത്തുകയും ആക്ഷേപിക്കുകയും നിരൂപണം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഏറ്റം രൂക്ഷമായി ആക്ഷേപിച്ചത് പരദൂഷണം പറയുന്നവരെയാണ്. ജീവിച്ചിരിക്കുന്ന സഹോദരന്റെ പച്ചമാംസം തിന്നുന്ന ശവംതീനി എന്നാണ് അവരെ വിശേഷിപ്പിച്ചത്. ഇത്രയും രൂക്ഷമായ പദം മറ്റാർക്കെതിരെയും പ്രയോഗിച്ചിട്ടില്ല. ''നിങ്ങളിലാരും മറ്റുള്ളവരുടെ അസാന്നിധ്യത്തിൽ അവരെപ്പറ്റി മോശമായി സംസാരിക്കരുത്. മരിച്ചു കിടക്കുന്ന സഹോദരന്റെ പച്ചയിറച്ചി തിന്നാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? തീർച്ചയായും നിങ്ങളത് വെറുക്കുന്നു'' (ഖുർആൻ 49:12).

പരദൂഷണം പറയുന്നവരുടെ പുണ്യകർമങ്ങളെല്ലാം പാഴാകുന്നു. അവരുടെ പ്രാർഥനകളും ആരാധനാ കർമങ്ങളും ദാനധർമങ്ങളുമൊന്നും പരലോകത്ത് പ്രയോജനപ്പെടാതെ പോകുന്നു. അതൊക്കെയും ആരെപ്പറ്റിയാണോ തങ്ങൾ പരദൂഷണം പറഞ്ഞത് അവർക്ക് വീതിച്ചുനൽകേണ്ടിവരുന്നു. മതിയാകാതെ വരുമ്പോൾ അവരുടെ പാപങ്ങൾ ഏറ്റെടുക്കേണ്ടിയും വരുന്നു. അങ്ങനെ നരകത്തിലെറിയപ്പെടുന്നു.

മനുഷ്യന്റെ തെറ്റുകളും കുറ്റങ്ങളും പുറത്തെടുത്ത് പ്രചരിപ്പിക്കുന്നത് മറ്റുള്ളവരും പാപവൃത്തികളിലേർപ്പെടാനാണ് കാരണമാവുക. അങ്ങനെ സമൂഹത്തിൽ തിന്മയും അതേക്കുറിച്ച വർത്തമാനങ്ങളും പ്രചരിക്കാനത് ഇടവരുത്തുന്നു. അതുകൊണ്ടുതന്നെ സമൂഹം നന്നാകണമെന്നാഗ്രഹിക്കുന്നവരെല്ലാം വ്യക്തികളിലെയും സംഘങ്ങളിലെയും നന്മയും മേന്മയും കണ്ടെത്തി പുറത്തുകൊണ്ടുവരികയും പ്രചരിപ്പിക്കുകയുമാണ് വേണ്ടത്. പരദൂഷണം ഇരുലോകത്തും നഷ്ടമല്ലാതെ നേട്ടമൊന്നും വരുത്തുകയില്ല. ●